## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3314 — 24.02.2016-ലെ മറുപടിക്ക്

### പരിഷ്കരിച്ച ജയിൽ നിയമപ്രകാരമുള്ള ഡ്യൂട്ടി സമയം

| ചോദ്യം<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) പരിഷ്കരിച്ച ജയിൽ നിയമപ്രകാരം സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, വനിതാ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ എന്നീ വിഭാഗം ജീവനക്കാർക്ക് രാത്രിയിലും പകലും നൽകുന്ന ഡ്യൂട്ടി ക്രമവും സമയവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;<br><br>ബി) ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ഒരു ദിവസം 12 മണിക്കൂറിലധികം തുടർച്ചയായി ഡ്യൂട്ടി നൽകുന്നുണ്ടോ; 8 മണിക്കൂർ ഡ്യൂട്ടി സമയം ജയിൽ വകുപ്പിൽ നിലവിലുണ്ടോ; 8 മണിക്കൂർ ഡ്യൂട്ടി ക്രമം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളത്; | എ) യും ബി)യും : ജയിൽ നിയമപ്രകാരം ജയിലുകളിൽ ഡ്യൂട്ടിയുടെ സമയദൈർഘ്യം സംബന്ധിച്ച വ്യവസ്ഥകളില്ല. സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, വനിതാ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നിവർക്ക് രാവിലെ 6.00 മുതൽ വൈകിട്ട് 6.00 വരെയും വൈകിട്ട് 6.00 മുതൽ രാവിലെ 6.00 വരെയുമായി 12.00 മണിക്കൂർ വീതമാണ് ഡ്യൂട്ടി നൽകുന്നത്. രാത്രി ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിയ്ക്കിടയിൽ വിശ്രമവും അനുവദിക്കുന്നുണ്ട്. ഗേറ്റ് കീപ്പർക്കും, പ്രിസൺ ഓഫീസർക്കും 8.00 മണിക്കൂർ ഡ്യൂട്ടിയാണ് നൽകുന്നത്. ഒഴിച്ചുകൂടാൻ പറ്റാത്ത ചില സാഹചര്യങ്ങളിൽ (മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡ്യൂട്ടി, മെൻറൽ ഹോസ്പിറ്റൽ ഡ്യൂട്ടി ) മാത്രം 12.00 മണിക്കൂറിൽ കൂടുതൽ സമയം ഡ്യൂട്ടി ചെയ്യേണ്ടി വരാറുണ്ട്. |
| സി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ അപാകത പരിഹരിക്കുന്നതിന് ജയിൽ വകുപ്പിൽ നിന്നോ, സംഘടനകളിൽനിന്നോ സർക്കാരിന് പ്രൊപ്പോസലുകളോ, നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; | സി).ഉണ്ട് |

| | |
|---|---|
| ഡി) ജയിൽ വകുപ്പിൽ നിന്നും അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും ബ്രിട്ടീഷുകാർ ചിട്ടപ്പെടുത്തിയ ഡ്യൂട്ടിക്രമം പരിഷ്കരിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | ഡി) ഡ്യൂട്ടി ഏകീകരണം സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ